"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ്-എക്സൈസ്-M/s സഹദേവൻ സൺസ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ശ്രീ.കൃഷ്ണനുണ്ണി.സി.എസ് സമർപ്പിച്ച റിവ്യൂ പെറ്റീഷൻ -തീർപ്പാക്കി- ഉത്തരവാകുന്നു.

---

**നികുതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.239/2024/TAXES തീയതി,തിരുവനന്തപുരം, 12-03-2024

---

പരാമർശം:-

1. എക്സൈസ് കമ്മീഷണറുടെ 05-06-2023- ലെ PPRRAMBD/2023/00006 നമ്പർ ഉത്തരവ്.
2. M/s സഹദേവൻ സൺസ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ശ്രീ. കൃഷ്ണനുണ്ണി 04.10.2023, 13.11.2023 എന്നീ തീയതികളിൽ സമർപ്പിച്ച റിവ്യൂ പെറ്റീഷനുകൾ.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ FL3-P15 നമ്പർ ലൈസൻസി ആയ M/S സഹദേവൻ സൺസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം എക്സൈസ് കമ്മീഷണറുടെ മുൻകൂർ അനുമതി കൂടാതെ 2002, 2004, 2022 വർഷങ്ങളിൽ ഡയറക്ടർ ബോർഡ് പുന:സംഘടിപ്പിച്ചത് ക്രമീകരിക്കുന്നതിനായി , പരാമർശം (1) പ്രകാരം ഫീസ് ഇനത്തിലും ഫൈൻ ഇനത്തിലും ഈടാക്കിയ തുകയിൽ നിന്നും അധികമായി ഈടാക്കിയ തുക റീഫണ്ട് ചെയ്തു നൽകണമെന്നും, അതിനായി നേരിൽ കേൾക്കണമെന്നും ആവശ്യപ്പെട്ട് കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ ശ്രീ.കൃഷ്ണനുണ്ണി.സി.എസ്സ് പരാമർശം (2) പ്രകാരം സർക്കാരിൽ റിവ്യൂ ഹർജി സമർപ്പിച്ചിരുന്നു.

2) റിവ്യൂ ഹർജിയുടെ അടിസ്ഥാനത്തിൽ, പരാതിക്കാരന് വേണ്ടി ഹാജരായ അഡ്വക്കേറ്റിനെ 06.12.2023-ൽ സർക്കാർ നേരിൽ കേൾക്കുകയുണ്ടായി. ഹർജിക്കാർക്കു വേണ്ടി ഹാജരായ അഡ്വക്കേറ്റ് ഉന്നയിച്ച വാദമുഖങ്ങൾ ഇപ്രകാരമാണ്. " ബാങ്ക് ലോണുകളിൽ മുടക്കം വന്നതിനെ തുടർന്ന് പൊതുലേലം ചെയ്യപ്പെട്ട M/s സഹദേവൻ സൺസ് പ്രൈവറ്റ് ലിമിറ്റഡ് ഹോട്ടൽ , 16.08.2005- ന് M/s മലമ്പുഴ ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡിന് വിൽക്കുകയുണ്ടായി. M/s സഹദേവൻ സൺസ് പ്രൈവറ്റ് ലിമിറ്റഡ്- ഉം M/s മലമ്പുഴ ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡ് -ഉം തമ്മിലുള്ള കരാറിന്റെ അടിസ്ഥാനത്തിൽ M/s സഹദേവൻ സൺസ് പ്രൈവറ്റ് ലിമിറ്റഡ് FL3 ലൈസൻസ് തുടർന്നും നടത്തി വരികയായിരുന്നു. 2023- ൽ FL3 ലൈസൻസ് M/s മലമ്പുഴ ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡ് -ന്റെ പേരിലേയ്ക്ക് മാറ്റാൻ തീരുമാനിക്കുകയും ആയതിലേയ്ക്കായി എക്സൈസ് കമ്മീഷണർക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തു. തുടർന്ന് എക്സൈസ് കമ്മീഷണറുടെ അനുമതി ഇല്ലാതെ M/s സഹദേവൻ സൺസ് പ്രൈവറ്റ് ലിമിറ്റഡ് 10.07.2002, 28.02.2004, 03.01.2022 എന്നീ തീയ്യതികളിൽ നടത്തിയ പുനസംഘടനകൾക്ക് ഫീസ്, ഫൈൻ ഇനങ്ങളിൽ ആകെ 13 ലക്ഷം രൂപ അടയ്ക്കാൻ ആവശ്യപ്പെട്ട് എക്സൈസ് കമ്മീഷണർ പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചതിന്റെ

അടിസ്ഥാനത്തിൽ സ്ഥാപനം പ്രസ്തുത തുക ഒടുക്കുകയുണ്ടായി. അപ്രകാരം 13 ലക്ഷം രൂപ അടയ്ക്കാൻ ആവശ്യപ്പെട്ട് ഉത്തരവ് പുറപ്പെടുവിച്ചത് നിയമ പ്രകാരമുള്ളതല്ല. സഹദേവന്റെ മരണത്തെ തുടർന്ന് ടിയാന്റെ നിയമാനുസൃത അവകാശികളും മക്കളുമായ കൃഷ്ണനുണ്ണി.സി.എസ്സ്, ഹരീഷ്.സി.എസ്സ് എന്നിവരെ ഡയറക്ടർ ബോർഡിൽ ഉൾപ്പെടുത്തി 10.07.2002- ന് കമ്പനി പുനസംഘടിപ്പിച്ചത് നിയമാനുസൃത അവകാശികളെ ചേർക്കാൻ വേണ്ടി ആയിരുന്നതിനാൽ കമ്പനിയുടെ ഉടമസ്ഥതയിൽ മാറ്റം വന്നിട്ടില്ല. ആയതിനാൽ അത് വിദേശ മദ്യചട്ടം 19ാാം വകുപ്പ് പ്രകാരമുള്ള പുന:സംഘടനയായി കണക്കാക്കാൻ കഴിയില്ല. പ്രസ്തുത പുന:സംഘടന നടന്ന സമയത്ത് അബ്കാരി ആക്ടിലെ 67(2) വകുപ്പ് പ്രകാരം ഫൈൻ ഈടാക്കാൻ വ്യവസ്ഥ ഇല്ലായിരുന്നു. ഹരീഷ്.സി.എസ്സ് (ഡയറക്ടർ) വിരമിച്ചതിനെ തുടർന്ന് 28.02.2004 ന് വീണ്ടും ഡയറക്ടർ ബോർഡ് പുന സംഘടിപ്പിച്ചു. പ്രസ്തുത സമയത്ത് അബ്കാരി ആക്ടിലെ 67(2) വകുപ്പ് പ്രകാരം 25000/- രൂപ ഫൈൻ മാത്രമേ നിലവിലുണ്ടായിരുന്നുള്ളൂ. 26.04.2013 മുതലാണ് ഫൈൻ തുക 3 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളത്. ആയതിനാൽ 28.02.2004 ന് നടന്ന പുന:സംഘടനയ്ക്ക് 26.04.2013- ൽ നിലിവൽ വന്ന ഫൈൻ ഈടാക്കിയത് നിയമപരമായി നിലനിൽക്കുന്നതല്ല. ശ്രീ.പറക്കോട്ടിൽ പ്രകാശ്- നെ ഉൾപ്പെടുത്തി 03.01.2022 ന് ഡയറക്ടർ ബോർഡ് പുനസംഘടിപ്പിച്ചു. പ്രസ്തുത പുന:സംഘടനയ്ക്ക് അബ്കാരി ആക്ടിലെ 67(2) വകുപ്പ് പ്രകാരം 3 ലക്ഷം രൂപ ഫൈനും 1 ലക്ഷം രൂപ ഫീസും ഈടാക്കിയ നടപടി അംഗീകരിക്കുന്നു. M/s സഹദേവൻ സൺസ് പ്രൈവറ്റ് ലിമിറ്റഡ്-ന്റെ ഉടമസ്ഥതയിലുള്ള ഹോട്ടൽ M/s മലമ്പുഴ ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലേയ്ക്ക് മാറ്റിയതിന് വിദേശ മദ്യ ചട്ടം റൂൾ 19(iii) പ്രകാരം 1 ലക്ഷം രൂപ ഫീസ് ഈടാക്കിയത് അംഗീകരിക്കാൻ കഴിയില്ല. ഹോട്ടൽ കെട്ടിടം ലൈസൻസിന്റെ ഭാഗമല്ലാത്തതിനാൽ ഹോട്ടൽ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം കൈമാറിയത് ലൈസൻസിന്റെ കൈമാറ്റമായി കരുതാൻ സാധിക്കില്ല. ലൈസൻസ് കൈമാറിയതിന് വിദേശ മദ്യ ചട്ടം റൂൾ 19(iv) പ്രകാരം 2 ലക്ഷം രൂപ ഈടാക്കിയത് അംഗീകരിക്കുന്നു. എക്സൈസ് കമ്മീഷണറുടെ ഉത്തരവ് പ്രകാരം ഫീസ് ഇനത്തിലും ഫൈൻ ഇനത്തിലും 13 ലക്ഷം രൂപ ഒടുക്കിയിട്ടുണ്ടെങ്കിലും 6.25 ലക്ഷം രൂപ മാത്രമേ ഒടുക്കാൻ ബാധ്യത ഉള്ളൂ എന്നതിനാൽ അധികമായി ഈടാക്കിയ 6.75 ലക്ഷം രൂപ തിരികെ നൽകേണ്ടതാണ്".

3) ഹർജിക്കാരൻ ഉന്നയിച്ച വാദമുഖങ്ങൾ സർക്കാർ പരിശോധിച്ചു. M/S സഹദേവൻ സൺസ് pvt Ltd -ന് മലമ്പുഴ ആസ്ഥാനമായി ഗോവർദ്ധന റസ്റ്റോറന്റിൽ മദ്യം വിൽക്കുന്നതിന് 2000-2001 സാമ്പത്തിക വർഷത്തിൽ ബാർ ലൈസൻസ്(FL.3) അനുവദിച്ചിരുന്നു. സഹദേവന്റെ മരണത്തെ തുടർന്ന് ശ്രീ.കൃഷ്ണനുണ്ണി ,ശ്രീ.ഹരീഷ് എന്നിവരെ ഉൾപ്പെടുത്തി ടി സ്ഥാപനം 10.07.2002-ൽ അനുമതി ഇല്ലാതെ പുന:സംഘടിപ്പിക്കുകയുണ്ടായി. അപ്രകാരം പുന:സംഘടന നടത്തിയതുമായി ബന്ധപ്പെട്ട ഫൈൻ ഒടുക്കുകയുമുണ്ടായില്ല. ശ്രീ.ഹരീഷ്-ന്റെ വിരമിക്കലിനെ തുടർന്ന് ടി സ്ഥാപനം 28.02.2004-ൽ വീണ്ടും അനുമതിയില്ലാതെ പുന:സംഘടിപ്പിച്ചു. അപ്രകാരം പുന:സംഘടിപ്പിച്ച വകയിൽ ഒടുക്കേണ്ടതായ ഫൈനും ഒടുക്കിയിട്ടുണ്ടായിരുന്നില്ല. 03.01.2022-ൽ ശ്രീ. പറക്കോട്ടിൽ പ്രകാശിനെ ഡയറക്ടർ ബോർഡിൽ ഉൾപ്പെടുത്തി അനുമതി ഇല്ലാതെ സ്ഥാപനം വീണ്ടും പുന:സംഘടിപ്പിച്ചു. ആയതിനുള്ള ഫൈനും ഫീസും ഒടുക്കുകയുണ്ടായില്ല. സ്ഥാപനത്തിന്റെ FL.3 ലൈസൻസ് M/S മലമ്പുഴ ഹോട്ടൽസ് pvt Ltd -ന് കൈമാറുന്നതിനായി 2023-ൽ അപേക്ഷ സമർപ്പിച്ചപ്പോൾ മാത്രമാണ് മുൻകാലയളവിൽ മൂന്ന് പ്രാവശ്യം പുന:സംഘടന നടത്തിയ കാര്യം വെളിപ്പെടുത്തിയത്. അപ്രകാരം അനധികൃതമായി നടത്തിയ പുനസംഘടനയ്ക്കുള്ള ഫീസും ഫൈനും, FL3 ലൈസൻസ് M/s

മലമ്പുഴ ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡിന് കൈമാറുന്ന ഇനത്തിൽ ഫീസും ഉൾപ്പെടെ 13 ലക്ഷം രൂപ ഒടുക്കാൻ പരാമർശം (1) പ്രകാരം എക്സൈസ് കമ്മീഷണർ ഉത്തരവ് പുറപ്പെടുവിക്കുകയും, ഹർജിക്കാർ പ്രസ്തുത തുക ഒടുക്കുവരുത്തുകയും ചെയ്തു. തുടർന്ന് നിലവിലുള്ള ചട്ടങ്ങൾക്കനുസൃതമായി ഗോവർദ്ധന റെസ്റ്റോറന്റിന്റെ FL.3 ലൈസൻസ് മലമ്പുഴ ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡിലേക്ക് മാറ്റുകയും ലൈസൻസിയുടെ പേര് ശ്രീ.കൃഷ്ണനുണ്ണി .സി .എസ്സ് ൽ നിന്നും ശ്രീ.റജിൻ കെ .എ യുടെ പേരിലേയ്ക്ക് മാറ്റുകയും ചെയ്തു.

4) അബ്കാരി ആക്ട് പ്രകാരം ലൈസൻസ് നൽകുന്ന ഏതൊരു പ്രവൃത്തിയിലും പുനസംഘടന, മാറ്റം വരുത്തൽ അല്ലെങ്കിൽ പരിഷ്കരണം എന്നിവ, പിഴ ചുമത്തി ക്രമപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ 1077-ലെ അബ്കാരി ആക്ടിൽ 2002-ലെ ഫിനാൻസ് ആക്ട് പ്രകാരം സെക്ഷൻ 67 ആയി 01-04-2002 മുതൽ പ്രാബല്യത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

5) 1953 - ലെ Foreign Liquor , Rules- ലെ റൂൾ 19 ഇപ്രകാരമാണ്:

19.(i) under no circumstances shall any licence obtained under this notification be sold, transferred or sub rented without the previous sanction of the Excise Commissioner.

(ii) Reconstitution of partnership by addition or deletion of members or reconstitution of Directors in a Company resulting in change of ownership which owns/manages or operates any licence issued under this rule shall be deemed to be transfer of licence. Addition of partner/director or the change of name of the licensee due to death of a partner/director/licensee shall also be deemed to be transfer of licence.

(iii) Reconstitution of partnership/Directors of a company may be allowed on payment of Rs. 1,00,000 (Rupees one lakh only).

6) FL. 3 ലൈസൻസിനുള്ള അപേക്ഷ , പ്രസ്തുത അപേക്ഷ സമർപ്പിച്ച സമയം നിലവിലുണ്ടായിരുന്ന ചട്ടങ്ങൾ പ്രകാരമാണോ അതോ അപേക്ഷ പരിഗണിക്കുന്ന സമയം പ്രാബല്യത്തിൽ ഉള്ള ഭേദഗതി വരുത്തിയ ചട്ടങ്ങൾ പ്രകാരമാണോ പരിഗണിക്കേണ്ടത് എന്ന വിഷയത്തിൽ ബഹു.സുപ്രീം കോടതി State of Kerala Vs B.Six Holidays Resorts(P) Ltd (AIR 2010 SC(SUPP) 953) എന്ന കേസിന്മേലുള്ള 13.01.2010-ലെ വിധിന്യായപ്രകാരം, അപേക്ഷ പരിഗണിക്കുന്ന സമയം പ്രാബല്യത്തിലുള്ള നിയമ പ്രകാരമാണ് അത് പരിഗണിക്കേണ്ടത് എന്ന് വിവക്ഷിച്ചിട്ടുണ്ട്. ആയതിനാൽ M/S സഹദേവൻ സൺസ് പ്രൈവറ്റ് ലിമിറ്റഡ് അനധികൃതമായി നടത്തിയ പുന:സംഘടന ക്രമീകരിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളത് 2023-ൽ മാത്രമാണെന്നിരിക്കെ 2023-ൽ നിലവിലുള്ള ചട്ടപ്രകാരം മാത്രമെ പുന: സംഘടന ക്രമീകരിക്കാനാവുകയുള്ളു.

7) P.G. Joshy Vs. State of Kerala and oths (WA.No.1551 OF 2018) കേസിൽ ബഹു. കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് 03.07.2019-ൽ ഇപ്രകാരം ഉത്തരവായിട്ടുള്ളതാണ്.

13)....... "In Radhakrishnan's case, the Division Bench held:-

"The point to be considered is whether cl.(ii) of R.19 of the Rules quoted above, will stand in the way of the partnership, in continuing the business and getting the licence renewed. If an existing partner is deleted or a new partner is inducted, then definitely, previous sanction of the Excise Commissioner is necessary. The State has the exclusive privilege to deal with intoxicated liquor and can grant it in favour of others on paying the

fees, rentals etc. Having regard to the very nature of the business, strict control of the State is required to be maintained. A licence to vend foreign liquor should not fall into the hands of undesirable persons. To ensure this, we think, cl.(ii) of R.19 of the Rules is introduced. The partnership may remain the same, but, good people may be deleted and anti-social elements may be inducted, with the facade of the partnership still remaining as the same. To prevent this, the State has framed rules, requiring previous sanction of the Excise Commissioner. In this case, a person continued as the partner, till his death. Thereafter, he is no longer a member of the partnership. Deletion did not take place, as a result of the actions of the remaining partners. By act of God, it has happened. We think, cl.(ii) of R.19 is not intended to take care of such deletion of partners, resulting out of death. It is introduced to take care of deletion by the conscious action of the partnership, by removing an existing living member. We are in full agreement with the reasoning of the learned Judge that cl.(ii) of R.19 will not apply to the facts of the case.Therefore, previous sanction of the Excise Commissioner was not necessary. In this case, we notice that there was no addition of legal heirs of the deceased person because four of his sons were existing partners."

In this context, it is to be noted that Radhakrishnan's case was rendered by the Division Bench on 10.3.2010 and therefore, it is obvious that the Division Bench held so, prior to the insertion of the latter limb of clause (ii) of Rule 19 of the FL Rules. The latter limb inserted thereafter would certainly apply in the case of addition of a partner into a partnership on the death of a partner. This position would be clear from a subsequent amendment by addition brought into Rule 19(ii) as per G.O.(P) 78/2018/TD dated 1.6.2018 published in KG(extra ord.) dated 1.6.2018 as SRO 351/2018 with effect from1.4.2018. The said amendment by way of insertion of second limb to it, brought into force from 1.4.2018 reads as follows:-

"Addition of partner/director or the change of name of the licensee due to death of a partner/director/licensee shall also be deemed to be transfer of licence." (underline supplied).

The second limb thus inserted to clause (ii) of Rule 19 of the FL Rules would certainly act as an indicator to the position obtained prior to 1.4.2018. A bare reading of the said amendment brought into Rule19(ii) would reveal that addition of partner/director or the change of name of the licensee due to the death of partner/director/licensee could be deemed to be a transfer of licence for the purpose of Rule 19(ii) only from 1.4.2018.In other words, it would reveal that before the amendment, the same was not the position. If the position was the same even prior to 1.4.2018, there was absolutely no necessity to bring in such an amendment. Indisputably, the insertion of the second limb to Rule 19(ii) cannot be said to be a clarificatory one. The very purpose of amendment would reveal that it was brought out to bring the case of addition of a partner/director or the change of name of the licensee due to the death of partner/director/licensee within the deeming provision of Rule 19(ii) of the FL Rules. ......"

മേൽ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, പുതിയ ഡയറക്ടർമാരെ ഉൾപ്പെടുത്തുന്നതോ, ബോർഡ് ഓഫ് ഡയറക്ടർമാർ മരിച്ചാൽ പകരം പുതിയ ബോർഡ് ഓഫ് ഡയറക്ടർമാരെ നിയമിക്കുന്നതോ പുന:സംഘടനയായി കണക്കാക്കാനാവില്ല എന്ന ഹർജിക്കാരുടെ വാദം നിലനിൽക്കുന്നതല്ല.

7) State of Kerala Vs B.Six Holidays Resorts(P) Ltd (AIR 2010 SC(SUPP) 953) എന്ന കേസിലെ ബഹു സുപ്രീം കോടതിയുടെ 13.01.2010-ലെ വിധിന്യായത്തിന്റെയും, P.G. Joshy Vs. State of Kerala and oths (WA.No.1551 OF 2018) എന്ന കേസ്സിലെ ബഹു.ഹൈക്കോടതിയുടെ 03.07.2019- ലെ വിധിന്യായത്തിന്റെയും അടിസ്ഥാനത്തിൽ ഹർജിക്കാരുടെ വാദങ്ങൾ നിലനിൽക്കുന്നതല്ല. ഈ സാഹചര്യത്തിൽ M/S സഹദേവൻ സൺസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ അനധികൃത പുന:സംഘടന നടത്തിയ വകയിലും ഉടമസ്ഥാവകാശവും, ലൈസൻസും മലമ്പുഴ ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡിന് കൈ മാറിയ വകയിലും ഫൈൻ ഇനത്തിലും ഫീസിനത്തിലും 13 ലക്ഷം രൂപ ഈടാക്കിയ എക്സൈസ് കമ്മീഷണറുടെ പരാമർശം (1) പ്രകാരമുള്ള നടപടി ശരിവച്ചുകൊണ്ട് പരാമർശം (2) റിവ്യൂ പെറ്റീഷൻ തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRAMOD M V
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1) ശ്രീ,കൃഷ്ണനുണ്ണി സി.എസ്സ്, മാനേജിംഗ് ഡയറക്ടർ, M/s സഹദേവൻ സൺസ് പ്രൈവറ്റ് ലിമിറ്റഡ്, 111/413, റോക്ക് ഗാർഡൻ റോഡ്, മലമ്പുഴ പി.ഒ., പാലക്കാട് 678007.
2) എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
3) അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
4) അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
5) വെബ്ബ് ആന്റ് ന്യൂ മീഡിയ
6) ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ (എ2/146/2023-നികുതി)

ഉത്തരവിൻ പ്രകാരം

Signed by
Sreelekha S
Date: 13-03-2024 10:45:48
സെക്ഷൻ ഓഫീസർ